(ബി) ബഡ്ജറ്റിൽ വൈദ്യുതീകരണത്തിനും, സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനും പ്രത്യേക ശീർഷകമായി തുക വകയിരുത്തിയീരുന്നില്ല. എന്നാൽ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, അഡീഷണൽ ടൈബൽ സബ്പ്ലാൻ, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതി, ഹാംലെറ്റ് ഡവലപ്മെന്റ് എന്നീ പ്രധാനപ്പെട്ട പദ്ധതികൾ മുഖേന ജില്ലാ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ലഭ്യമാകുന്ന മറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഓരോ വർഷവും വൈദ്യുതീകരണത്തിനും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു: (തുക ചെലവഴിച്ചുവരുന്നു.)

ക്രമ നമ്പർ	വർഷം	അനുവദിച്ച തുക (തുക ലക്ഷത്തിൽ)
1	2011-12	43.23
2	2012-13	216.08
3	2013-14	290.94
4	2014-15	967.46
5	2015-16	349.53

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാനുകൂല്യങ്ങൾ

247(2452) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ എന്തെല്ലാം പഠനാനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ആനുകൂല്യവും എത്ര പേർക്ക് വീതം നൽകുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും എത്ര മാസത്തെ ഗഡുക്കൾ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, വിവിധ യിനങ്ങളിലെ ഫീസാനുകൂല്യങ്ങൾ, ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ഗ്രാന്റ്, സ്റ്റഡി ടൂർ അലവൻസ് തുടങ്ങിയ വിവിധങ്ങളായ വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കി വരുന്നു.

(ബി) 2015-16 വർഷം നാളിതുവരെ പ്രീ-മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 76159, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 14015 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശിക നല്കാൻ അവശേഷിക്കുന്നില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ

248(2453) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) പ്രസ്തുത വിഭാഗം ജനങ്ങളുടെ ഇതിന്മേലുള്ള പരാതികൾ പരിഹരിക്കുവാൻ ജില്ലാതലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠന സഹായങ്ങൾ യഥാസമയം നല്കി വരുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ ജില്ലാതലത്തിൽ പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകൾ കേന്ദ്രീകരിച്ചു മതിയായ സംവിധാനങ്ങൾ നിലവിലുണ്ട്.

ആദിവാസികൾക്ക് ഭൂമി

249(2454) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എത്ര ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇത്രയും ഭൂമി കണ്ടെത്തി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly